## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *262 — 19.06.2014-ൽ മറുപടിയ്ക്ക്

## നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ബാലൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എം.എ.ബേബി<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സർക്കാർതലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ മിക്കതിലും ഗുണനിലവാരമില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തിയ പ്രവൃത്തികളിൽ ഗുണനിലവാരമില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നിലവാരമില്ലാത്ത റോഡുകളും പാലങ്ങളും അപകടങ്ങൾക്ക് കാരണമാകുന്ന കാര്യം അറിവുള്ള താണോ : | (ബി) റോഡുകളുടെയും പാലങ്ങളുടെയും നിലവാരം അപകടനിരക്കുമായി ബന്ധപ്പെട്ട കാരണങ്ങ ളിൽ ഒരു ഘടകമാണ്. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ സ്ഥിരമായ പരിശോധനയിലൂടെ നിർമ്മാണ പ്രവൃത്തി കളുടെ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് ഒരു പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ വരുന്ന പരാതികൾക്ക് പുറമേ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പരാതി സ്വീകരിക്കാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളെല്ലാം തന്നെ പരിശോധിച്ച് അതിന്മേൽ നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (സി) നിർമ്മാണം പൂർത്തീകരിച്ച് നിശ്ചിതകാലം കഴിയുന്നതിനു മുമ്പ് തകർന്നുപോകുന്ന നിർ മ്മാണ പ്രവൃത്തികൾക്ക് കരാറു കാരൻ തന്നെ ഉത്തരവാദി യാകുന്ന തരത്തിൽ പൊതു മരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; ഇത് പാലിക്ക പ്പെടുന്നുണ്ടോ ; | (സി) വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തി കളിൽ കരാറുകാരന്റെ ഡിഫക്ട്സ് ലയബിലിറ്റി പിരീഡിനുള്ളിൽ വരുന്ന എല്ലാ കേടുപാടുകളും കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ തന്നെ പരിഹരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതി നായി കെട്ടിവെയ്ക്കുന്ന സെക്യൂരിറ്റി തുക ഇത്തര ത്തിൽ കേടുപാടുകൾ തീർത്തതിനുശേഷം മാത്രമേ കരാറുകാരന് തിരികെ നൽകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണപ്രവൃത്തികളുടെ ഗുണ നിലവാരം പരിശോധിക്കുന്ന തിന് സംവിധാനമുണ്ടോ ; വിശദ മാക്കാമോ ? | (ഡി) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 469/2013/ പൊ.മ.വ തീയതി 30.03.2013 പ്രകാരം 13 ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി കൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാ യിട്ടുണ്ട്. ഇതിൻപ്രകാരം എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ലബോറട്ടറികളും മറ്റ് പതിനൊന്ന് ജില്ലകളിൽ ജില്ലാതല ലബോറട്ടറികളുമാണ് ഉള്ളത്. തിരുവനന്തപുരം ജില്ലയിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ജില്ല ലബോറട്ടറി യുടെ ചുമതല നിർവ്വഹിക്കുന്നത്. ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള ഡയറക്ടർ (ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ) ആണ് ഈ ലബോറട്ടറികളുടെ സംസ്ഥാന നിയന്ത്രണാ ധികാരി. |

സെക്ഷൻ ഓഫീസർ